അടിസ്ഥാന വികസന പദ്ധതികൾ

9 (*279) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എളമരം കരീം :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ആസൂത്രണ ബോർഡ് രൂപം നൽകിയ വൻകിട അടിസ്ഥാന വികസന പദ്ധതികൾ ഏതെല്ലാമായിരുന്നു; അവ സംസ്ഥാനത്തെ വികസനത്തെ എങ്ങനെ സ്വാധീനിക്കുമെന്നാണ് കരുതിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പ്രവൃത്തിപഥത്തിലെത്തിക്കാൻ സാധിച്ചത് ഏതൊക്കെയാണ്; ഇത്തരം പദ്ധതികളുടെ നടത്തിപ്പിലൂടെ ലക്ഷ്യമിട്ട നേട്ടം കൈവരിക്കാനായോ എന്നറിയിക്കുമോ;

(സി) ഉപേക്ഷിക്കപ്പെട്ടതോ ആരംഭിക്കാൻ കഴിയാതെ പോയതോ ആയ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; അതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാന ആസൂത്രണ ബോർഡ് രൂപം നൽകിയ അടിസ്ഥാന വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. 35-ാം ദേശീയ ഗെയിംസ്.
2. തിരുവനന്തപുരം/കോഴിക്കോട് മോണോ റെയിൽ/ലൈറ്റ് മെട്രോ പദ്ധതി.
3. സബർബൻ റെയിൽ സർവ്വീസ്.
4. മൊബിലിറ്റി ഹബ്ബുകൾ.
5. വ്യവസായ വികസന മേഖല.
6. നാഷണൽ ഇൻവെസ്റ്റ്മെന്റ് മാന്യൂഫാക്ചറിംഗ് സോൺ (നിംസ്)
7. പെട്രോളിയം കെമിക്കൽ ആന്റ് പെട്രോ കെമിക്കൽ ഇൻവെസ്റ്റ്മെന്റ് റീജിയൻ (പി.സി.പി.സി.ഐ.ആർ.)

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ ഈ പദ്ധതികൾ നാഴികക്കല്ലാകുമെന്നാണ് പ്രതീക്ഷിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതികളിൽ, 35-ാം ദേശീയ ഗെയിംസ് പൂർത്തിയാക്കിയിട്ടുണ്ട്. 35-ാം ദേശീയ ഗെയിംസിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരമുള്ള കളിയിടങ്ങൾ സജ്ജമാക്കുകയും കായിക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തതിലൂടെ സംസ്ഥാനത്തെ കായിക താരങ്ങൾക്ക് യഥേഷ്ടം പരിശീലനം നടത്താനും അന്താരാഷ്ട്ര മത്സരങ്ങളിൽ നേട്ടം കൈവരിക്കാനും സാധിക്കുന്നതാണ്. കൂടാതെ 9 പുതിയ സ്റ്റേഡിയങ്ങളും നവീകരിച്ച 17 സ്റ്റേഡിയങ്ങളും സംസ്ഥാന കായിക അടിസ്ഥാന വികസനത്തിന് മുതൽക്കൂട്ടാകുന്നതാണ്.

(സി) ആസൂത്രണ ബോർഡ് രൂപം നൽകിയ വൻകിട പദ്ധതികളൊന്നും തന്നെ ഉപേക്ഷിക്കപ്പെട്ടിട്ടില്ല. സബർബൻ റെയിൽ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി പ്രതീക്ഷിക്കുകയാണ്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടും രൂപരേഖയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. മറ്റു പദ്ധതികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വയോജനങ്ങളെ സംബന്ധിക്കുന്ന നിയമങ്ങൾ

10 (*280) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളെ സംബന്ധിക്കുന്ന നിയമങ്ങളെക്കുറിച്ചും അവർ നേരിടുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചും പഠിക്കാനായി സർക്കാർ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ എന്തെല്ലാമാണ്;

(ബി) വയോജനങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന നിയമങ്ങൾ ഏതെല്ലാമാണ്; ഇവ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) നിയമം നടപ്പാക്കുന്നതിലെ പോരായ്മകൾ എന്തെല്ലാമാണ് എന്നറിയിക്കാമോ; ഇവ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly